# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ഒക്ടോബർ 17 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web:www.prd.kerala.gov.in.Email.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## സ്മാർട്ടായി മോട്ടോർ വാഹന വകുപ്പ്: നിയമലംഘകരെ പിടികൂടാൻ ഇനി സ്മാർട്ട് എൻഫോഴ്സ്മെന്റും

പുതുക്കിയ മോട്ടോർ വാഹനനിയമം പ്രാബല്യത്തിൽ വന്നതോടെ കൂടുതൽ സ്മാർട്ട് ആകാൻ തയ്യാറെടുത്ത് മോട്ടോർ വാഹന വകുപ്പ്. നിയമം ലംഘിക്കുന്നവർക്കെതിരെ കർശനനടപടികൾ സ്വീകരിക്കാൻ സ്മാർട്ട് എൻഫോഴ്സ്മെന്റ് രൂപീകരിച്ചാണ് മോട്ടോർവാഹന വകുപ്പ് ഈ നേട്ടത്തിലേയ്ക്ക് ചുവടു വെക്കുന്നത്. വഴിയിൽ കാത്ത് നിന്ന് നിയമലംഘകരെ പിടികൂടുക എന്ന രീതിയ്ക്കാണ് ഇതോടെ മാറ്റം വരിക. ഏതെങ്കിലും തരത്തിൽ നിയമം ലംഘിക്കുന്നത് ശ്രദ്ധയിൽ പെട്ടാൽ അവരുടെ ഫോട്ടോ എടുത്തു കേസ് ഷീറ്റ് തയ്യാറാക്കി, കുറ്റകൃത്യം ചെയ്തയാൾക്ക് അയച്ചു കൊടുക്കുന്ന രീതിയാണിത്. പിഴ നേരിൽ ഹാജരാക്കി അടച്ചില്ലെങ്കിൽ ബാക്കി നടപടികൾ കോടതിയിലേക്ക് വിടും. ഇത് കൂടാതെ ജനങ്ങൾക്ക് കൂടി പങ്കാളിത്തം വഹിക്കാവുന്ന 'തേർഡ് ഐ' എൻഫോഴ്സ്മെന്റിനും രൂപം നൽകിയിട്ടുണ്ട്. നിയമലംഘനം കണ്ടാൽ, കുറ്റകൃത്യം ചെയ്തവരുടെ ഫോട്ടോ ജനങ്ങൾക്കും എടുത്ത് മോട്ടോർ വകുപ്പിന് കൈമാറാം. ഇമെയിൽ വഴിയോ വാട്സ്ആപ്പ് വഴിയോ ആണ് ഫോട്ടോ അപ്ലോഡ് ചെയ്യേണ്ടത്. kl08.mvd@kerala.gov.in എന്ന മെയിൽ ഐഡി വഴിയും www.mvd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്ന വാട്സ്ആപ്പ് നമ്പർ വഴിയും ജനങ്ങൾക്ക് തേർഡ് ഐ എൻഫോഴ്സ്മെന്റിൽ പങ്കാളികളാകാം.

പുതിയ നിയമം വന്നതോടെ ജനങ്ങൾ സ്വമേധയാ നിയമം ലംഘിക്കുന്നത് തടയാൻ തയ്യാറായതാണ് ഗുണകരമായ നേട്ടമെന്ന് വകുപ്പ് വ്യക്തമാക്കുന്നു. ജില്ലയിലെ ട്രാഫിക് കുറ്റകൃത്യങ്ങളിൽ ഗണ്യമായ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഹെൽമെറ്റ്, സീറ്റ്ബെൽറ്റ് എന്നിവ ധരിക്കാത്ത സാഹചര്യത്തിൽ 80 മുതൽ 90 ശതമാനം വരെ മാറ്റമുണ്ടാക്കാൻ സാധിച്ചു. നഗരപ്രദേശങ്ങളിൽ 80 ശതമാനം ആളുകളാണ് മുമ്പ് ഹെൽമറ്റ് ധരിച്ചിരുന്നതെങ്കിൽ 95 ശതമാനം ആയി അത് വർധിച്ചു. ഗ്രാമപ്രദേശങ്ങളിൽ ഇത് 30 മുതൽ 60 ശതമാനം വരെയായി ഉയർന്നിട്ടുണ്ട്.

ട്രാഫിക് നിയമലംഘനത്തിന് ഉയർന്ന പിഴ അടങ്ങുന്ന മോട്ടോർ വാഹന നിയമം 63 ആണ് ഭേദഗതിയോടെ സെപ്റ്റംബർ 1 മുതൽ പ്രാബല്യത്തിൽ വന്നത്. ഗതാഗതനിയമലംഘനങ്ങളുടെ പിഴ കൂട്ടിയതോടെ നിയമലംഘനത്തിലും കുറവ് വന്നിരുന്നു. നിയമം ലംഘിച്ചാൽ പിഴ, ലൈസൻസ് സസ്പെന്റ് ചെയ്യുക എന്നീ നടപടികൾ കൂടാതെ കുറ്റക്കാർ ഏതെങ്കിലും ഒരു കമ്മ്യൂണിറ്റി സർവീസിൽ കാഷ്വാലിറ്റി സർവീസ് ചെയ്യുകയും ഒരു റോഡ് സുരക്ഷാ ബോധവത്കരണ ക്ലാസിൽ പങ്കെടുക്കുകയും ചെയ്താൽ മാത്രമേ ശിക്ഷാനടപടികൾ പൂർണമാകൂ.

## വനിതാ കമ്മീഷനിൽ അമ്മമാരുടെ പരാതികൾ: അരിമ്പൂർ പഞ്ചായത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കും

മക്കൾ സംരക്ഷിക്കുന്നില്ലെന്ന് ഏതാനും അമ്മമാരുടെ പരാതികൾ ലഭിച്ച അരിമ്പൂർ ഗ്രാമപഞ്ചായത്തിൽ ജാഗ്രത സമിതി രൂപീകരിക്കുമെന്ന് വനിതാ കമ്മീഷൻ ചെയർപേഴ്സൺ എം സി ജോസഫൈൻ തൃശൂരിൽ നടന്ന അദാലത്തിൽ അറിയിച്ചു. രണ്ടാഴ്ച്ചക്കിടെ ഇത്തരം അഞ്ച് പരാതികൾ ഈ പഞ്ചായത്തിൽ നിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് കമ്മീഷന്റെ തീരുമാ

നം. അമ്മമാരെ വൃദ്ധസദനത്തിലാക്കുക, അവരുടെ എടിഎം കാർഡുകൾ ദുരുപയോഗം ചെയ്യുക, സ്വത്ത് അപഹരിക്കുക എന്നിങ്ങനെ പരാതികളുമായാണ് അമ്മമാർ കമ്മീഷനെ സമീപിച്ചത്. ഇതിനു പുറമേ മക്കൾ അമ്മയുടെ പേരിൽ വ്യാജ പരാതികൾ കെട്ടിച്ചമച്ച് മാനസികപീഡനം ഏൽപ്പിക്കുന്നതായും കമ്മീഷൻ പറഞ്ഞു. സ്വർണ്ണം മോഷ്ടിച്ചുവെന്ന കുറ്റമാണ് അഞ്ചേരിയിൽ നിന്നും വന്ന അമ്മയ്ക്കെതിരെ സ്വന്തം മകൾ ആരോപിച്ചത്. അമ്മയുടെ പേരിലുള്ള വസ്തു തട്ടിയെടുക്കാനാണ് ബന്ധുക്കളെ കൂട്ടുപിടിച്ച് മകൾ അമ്മയ്ക്കെതിരെ പരാതി നൽകിയത്. പൂനെയിൽ താമസിക്കുന്ന പരാതിക്കാരിയായ മകൾ അദാലത്തിന്റെ മൂന്ന് സിറ്റിങ്ങിനും ഹാജരായില്ല. കമ്മീഷൻ ഇടപെട്ട് ഇവരെ അടുത്ത അദാലത്തിൽ എത്താൻ നിർദ്ദേശം നൽകും.

വെള്ളിക്കുളങ്ങരയിൽ നിന്നുള്ള അമ്മ മകൻ സ്വത്ത് തട്ടിയെന്ന പരാതിയുമായാണ് കമ്മീഷനു മുന്നിൽ എത്തിയത്. എഴുതിക്കൊടുത്ത 10 സെന്റിനു പുറമേ ലക്ഷങ്ങൾ വിലയുള്ള നാലര സെന്റ് വസ്തു അമ്മയെ കൊണ്ട് ബലമായി ഒപ്പിടുവിച്ച് ബാങ്കിൽ നിന്നും ലക്ഷങ്ങൾ വായ്പ എടുത്തതായും പരാതിയിൽ പറയുന്നു. ചിലവിനു പോലും നൽകാത്ത മകനെതിരെ സ്റ്റേഷനിൽ പരാതി നൽകാൻ കമ്മീഷൻ നിർദ്ദേശിച്ചു. മുറ്റിച്ചൂർ എൽപി സ്കൂളിനു 25 വർഷമായി പാചകക്കാരിയായി ജോലിനോക്കിയിരുന്ന വനിതയെ അകാരണമായി പിടിഎയും ഹെഡ്മിസിട്രസും കൂടെ പിരിച്ചുവിട്ടെന്ന പരാതിയിൽ കമ്മീഷൻ ഡിപിഐയുടെയും ലേബർ ഓഫീസറുടെയും റിപ്പോർട്ട് ആവശ്യപ്പെട്ടു.

68 പരാതികളാണ് ടൗൺഹാളിൽ നടന്ന അദാലത്തിൽ പരിഗണിച്ചത്. ഇതിൽ 34 കേസുകൾ തീർപ്പാക്കി. എട്ട് പരാതികൾ പോലീസ് റിപ്പോർട്ടിനായി അയച്ചു. 26 കേസുകൾ നവംബർ 18 ന് നടക്കുന്ന അടുത്ത അദാലത്തിലേക്ക് മാറ്റിവച്ചു. പ്രതികൾ അദാലത്തിൽ ആവർത്തിച്ച് ഹാജാരാകാത്തതിനെതിരെയും ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ അറിയിപ്പ് നൽകിയെന്ന് ചെയർപേഴ്സൺ പറഞ്ഞു. വനിതാ കമ്മീഷൻ അംഗങ്ങളായ അഡ്വ. ഷിജി ശിവജി, ഇ എം രാധ, എസ് പി കുര്യോക്കോസ്, നിയമോപദേശകർ, കൗൺസലർമാർ എന്നിവർ പങ്കെടുത്തു.

## വായനമത്സരം

ലൈബ്രറി കൗൺസിൽ കോളേജ് വിദ്യാർത്ഥികൾക്കായി വായനാമത്സരം സംഘടിപ്പിക്കുന്നു. ജില്ലതല മത്സരം ഒക്ടോബർ 20 രാവിലെ 9.30 ന് തൃശൂർ ഗവ. മോഡൽ ഗേൾസ് ഹൈസ്കൂളിൽ നടക്കും. പങ്കെടുക്കാൻ താൽപര്യമുള്ളവർ സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രവും 'ഞാനും വായനയും' എന്ന വിഷയത്തിൽ നൂറുവാക്കിൽ കുറയാതെയുള്ള കുറിപ്പും തയ്യാറാക്കി കൊണ്ടുവരണം. എഴുത്തുപരീക്ഷയിൽ തെരഞ്ഞെടുത്ത പുസ്തകങ്ങളിൽ നിന്നും പൊതുവിജ്ഞാനത്തിൽ നിന്നുള്ള ചോദ്യങ്ങളുണ്ടായിരിക്കും. ജില്ലാതലത്തിൽ ആദ്യ മൂന്ന് സ്ഥാനക്കാർക്ക് യഥാക്രമം 6000, 4000, 3000 ക്യാഷ് പ്രൈസ് നൽകും. ജില്ലാതലത്തിലെ ഒന്നും രണ്ടും സ്ഥാനക്കാർ സംസ്ഥാനതല മത്സരത്തിലേക്ക് പങ്കെടുക്കാം. ഫോൺ: 9446590930.

## പ്രളയം: സർട്ടിഫിക്കറ്റ് അദാലത്ത് 19 ന്

ഈ വർഷത്തെ പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് വേണ്ടിയുള്ള സർട്ടിഫിക്കറ്റ് അദാലത്ത് ഒക്ടോബർ 19 രാവിലെ പത്തിന് നടത്തും. അയ്യന്തോൾ സിവിൽ സ്റ്റേഷനിലെ ജില്ലാ ആസൂത്രണ സമിതി ഹാളിൽ ജില്ലാ ഭരണകൂടം സംസ്ഥാന ഐ.ടി. മിഷന്റെ സഹകരണത്തോടെ വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചാണ് അദാലത്ത് നടത്തുന്നത്. നഷ്ടപ്പെട്ട ആധാർ, എസ്.എസ്.എൽ.സി. ബുക്ക്, ഹയർ സെക്കന്ററി സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവിങ് ലൈസൻസ്, ജാതി, സമുദായ സർട്ടിഫിക്കറ്റ്, ഭൂമിയുടെ ആധാരം, ജനന മരണ വിവാഹ സർട്ടിഫിക്കറ്റുകൾ എന്നിവ അദാലത്തിലൂടെ വീണ്ടെടുക്കാൻ കഴിയും.

## ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

സൊസൈറ്റി രജിസ്ട്രേഷൻ നിയമപ്രകാരം രജിസ്റ്റർ ചെയ്തതും വർഷിക റിട്ടേണുകൾ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയതുമായ സംഘങ്ങൾക്ക് നിശ്ചിത തുക പിഴയൊടുക്കി വാർഷിക റിട്ടേണുകൾ ഫയൽ ചെയ്യുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് അവസരമൊരു

ക്കുന്നു. വർഷങ്ങളായി റിട്ടേണുകൾ സമർപ്പിക്കാത്ത സമിതികളുടെ രജിസ്ട്രേഷൻ റദ്ദു ചെയ്യുന്നത് ഒഴിവാക്കുന്നതിനുള്ള ഈ പദ്ധതിയുടെ കാലാവധി 2020 മാർച്ച് 31 വരെയാണ്. പരിമിത കാലം മാത്രമുള്ള പദ്ധതിയുടെ ആനുകൂല്യം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ജില്ലാ രജിസ്ട്രാർ (ജനറൽ) അറിയിച്ചു. ഫോൺ: 0487-2331439.

## സ്കോളർഷിപ്പിന് അപേക്ഷിക്കാം

മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് എട്ടാം ക്ലാസ്സ് മുതൽ പ്രൊഫഷണൽ കോഴ്സുകൾക്കു വരെ ഈ വർഷത്തെ വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷഫോറം ജില്ലാ ഓഫീസിൽ നിന്ന് നേരിട്ടും www.kmtwwfb.org എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കും. പൂരിപ്പിച്ച അപേക്ഷ നവംബർ 15 നകം ജില്ലാ ക്ഷേമനിധി ഓഫീസിൽ നൽകണം. ഫോൺ: 0487-2446545.

## ക്വട്ടേഷൻ

കൊടുങ്ങല്ലൂർ ശിശു വികസന പദ്ധതി ഓഫീസിൽ ടാക്സി പെർമിറ്റുള്ള വാഹനം വാടകക്ക് ലഭ്യമാക്കാൻ ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 28. ഫോൺ: 0480-2805595.

## ഉപജില്ലാ ശാസ്ത്രോത്സവം സമാപിച്ചു

അന്തിക്കാട് ഹൈസ്കൂൾ, കെജിഎംഎൽപി സ്കൂൾ എന്നീ വേദികളിലായി നടന്ന തൃശൂർ വെസ്റ്റ് ഉപജില്ലാ ശാസ്ത്രോത്സവം സമാപിച്ചു. ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തി പരിചയ, ഐടി മേളകളിലായി രണ്ടായിരത്തോളം വിദ്യാർത്ഥികൾ പങ്കെടുത്തു. സമാപന സമ്മേളനം അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി സി ശ്രീദേവി ഉദ്ഘാടനം ചെയ്തു. അന്തിക്കാട് പഞ്ചായത്ത് പ്രസിഡന്റ്എ വി ശ്രീവത്സൻ അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് അംഗം സിജി മോഹൻദാസ്, ഉപജില്ല വിദ്യാഭ്യാസ ഓഫീസർ എ കെ അജിതകുമാരി എന്നിവർ സമ്മാനങ്ങൾ വിതരണം ചെയ്തു. കലോത്സവം ലോഗോ ഡിസൈനർ ഫിജി ശശിധരനെ വേദിയിൽ ആദരിച്ചു.

## പച്ചക്കറി തൈകൾ വിതരണം ചെയ്തു

തളിക്കുളം ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള പച്ചക്കറി തൈകൾ വിതരണം ചെയ്തു. ഓരോ ഗുണഭോക്താക്കൾക്കും അഞ്ചുതരം പച്ചക്കറി തൈകളും വ്യത്യസ്ത ഇനം വിത്തുകളും പദ്ധതിയിലൂടെ ലഭിക്കും. തളിക്കുളം പഞ്ചായത്ത് പ്രസിഡന്റ് പി ഐ സജിത പച്ചക്കറിതൈ വിതരണോൽഘാടനം തളിക്കുളം മാർക്കറ്റ് ഹാളിൽ നടത്തി. വൈസ് പ്രസിഡന്റ് എൻ കെ ബാബു അദ്ധ്യക്ഷനായി. കൃഷി ഓഫീസർ എ ടി ഗ്രേസി, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാരായ സന്ധ്യ രാമകൃഷ്ണൻ, ഇ പി കെ സുഭാഷിതൻ, വാർഡ് മെമ്പർമാരായ പി എ ഷിഹാബ്, പി എസ് സുൽഫീക്കർ, സുമന ജോഷി, സെക്രട്ടറി എ ആർ ഉന്മേഷ് എന്നിവർ സംസാരിച്ചു.

## കുറ്റി കുരുമുളക്, ജാതി തൈ വിതരണം ചെയ്തു

നാട്ടിക പഞ്ചായത്ത് കൃഷിഭവന്റെ ജനകീയാസൂത്രണം പദ്ധതിയിൽ ഉൾപ്പെടുത്തി കുറ്റികുരുമുളക് തൈകളും ജാതി തൈകളും വിതരണം ചെയ്തു. കുരുമുളക് തൈകൾ 75 ശതമാനം സബ്സിഡിയോടെ മൂന്ന് എണ്ണം വീതം 200 പേർക്കും ജാതിതൈകൾ മൂന്ന് എണ്ണം 75 ശതമാനം സബ്സിഡിയിൽ 100 ഗുണഭോക്താക്കൾക്കുമായാണ് നൽകിയത്. നാട്ടിക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി വിനു വിതരണോൽഘാടനം നടത്തി. വൈസ് പ്രസിഡന്റ് കെ എ ഷൗക്കത്തലി അദ്ധ്യക്ഷനായി. കൃഷി ഓഫീസർ കെ ആർ പ്രീത പദ്ധതി വിശദീകരണം നടത്തി. സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ പി എം സിദ്ദിഖ്, ഇന്ദിര ജനാർദ്ധനൻ, മെമ്പർമാരായ ലളിത മോഹൻദാസ്, സി ജി അജിത്ത് കുമാർ, എന്നിവർ പങ്കെടുത്തു.

# സീറ്റ് ഒഴിവ്

മണലൂർ ഗവ. ഐടിഐയിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിൽ മുസ്ലീം സംവരണ വിഭാഗത്തിൽ സീറ്റ് ഒഴിവുണ്ട്. അപേക്ഷ നൽകിയ മുസ്ലീം വിഭാഗത്തിലെ അപേക്ഷകർ അസ്സൽ സർട്ടിഫിക്കറ്റ് സഹിതം ഒക്ടോബർ 19 രാവിലെ 11 ന് ഐടിഐ കാര്യാലയത്തിൽ എത്തണം. ഫോൺ: 0487-2620066, 9048660759.

# പുനർടെണ്ടർ

ചാവക്കാട് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ പിഎംജെവൈ/ജെഎസ്എസ്കെ/ആർബിഎസ്കെ/എകെ പദ്ധതിയിൽ ഉൾപ്പെട്ട രോഗികൾക്ക് ആശുപത്രിയിൽ ലഭ്യമല്ലാത്ത മരുന്നുകളും അനുബന്ധ സാധനങ്ങളും ലഭ്യമാക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 29. ഫോൺ: 0487-2501110, 2507310.

# കൊയ്ത്തുത്സവം നടത്തി

മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്തും കൃഷിഭവനും സംയുക്തമായി 2019-20 വർഷത്തിൽ വിജയകരമായി നടപ്പിലാക്കിയ കര നെൽകൃഷിപദ്ധതിയുടെ കൊയ്ത്തുത്സവം ആറാം വാർഡിൽ വി എം ഉതുപ്പ് ജോസഫ് വെളിയമ്പുറത്ത് വട്ടായിയുടെ കൃഷിയിടത്തിൽ സംഘടിപ്പിച്ചു. ഗ്രാമപഞ്ചായത് പ്രസിഡന്റ്ബിന്ദു ബെന്നി ഉദ്ഘാടനം നിർവഹിച്ചു. വാർഡ് മെമ്പർ സൂസി ജോസഫ് അധ്യക്ഷത വഹിച്ചു. കൃഷി ഓഫീസർ ശ്രീരേഖ പദ്ധതി വിശദീകരണം നടത്തി. കർഷകരായ യാക്കൂബ് വള്ളിത്തോട്ടത്തിൽ, ജോണി ഇടിഞ്ഞുകുഴിയിൽ, കുടുംബശ്രീ അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

# പരിശീലനം നടത്തി

ജില്ലാ സാക്ഷരതാ മിഷനും തൃശ്ശൂർ ഡയറ്റും സംയുക്തമായി ജില്ലയിലെ ഏഴാംതരം തുല്യതാ അധ്യാപകർക്ക് വിഷയാധിഷ്ഠിത ദ്വിദിന പരിശീലനം ആരംഭിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് ഉദ്ഘാടനം ചെയ്തു. ഡയറ്റ് സീനിയർ ലക്ചറർ ഡോ. കെ പ്രമോദ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ സാക്ഷരതമിഷൻ കോ-ഓർഡിനേറ്റർ വി വി ശ്യാംലാൽ, ഡയറ്റ് സീനിയർ ലക്ചറർമാരായ ഇ ശശിധരൻ, ഡോ. മനോരമ, പി പ്രസി, ഗോപകുമാർ, വിനിജ, ഡോ. ബിനീഷ്, ടി ശ്രീകല, സി അനിത എന്നിവർ പങ്കെടുത്തു. പരിശീലനം ഇന്ന് (ഒക്ടോബർ 18 ന്) സമാപിക്കും.

# അഴീക്കോട് ഗവ. യു പി സ്കൂൾ സ്മാർട്ട് ആകുന്നു

അഴീക്കോട് മേനോൻ ബസാർ ഗവ. യു.പി സ്കൂൾ ഹൈടെക് ആകുന്നു. കയ്പമംഗലം നിയോജകമണ്ഡലം എംഎൽഎ ഇ.ടി. ടൈസൺ മാസ്റ്ററുടെയും വിദ്യാഭ്യാസ വകുപ്പിന്റെയും സഹായത്തോടെയാണ് വിദ്യാലയത്തിലെ ആറ് ക്ലാസ് മുറികൾ മൾട്ടി മീഡിയ സംവിധാനത്തിലാക്കിയത്. എറിയാട് പഞ്ചായത്തിന്റെ വികസന ഫണ്ട് ഉപയോഗിച്ച് മൈക്ക് സെറ്റും ഇലക്ട്രിക് ബെല്ലും ലഭ്യമാക്കിയിട്ടുണ്ട്.

ഹൈടെക് ക്ലാസ് മുറികളുടെ ഉദ്ഘാടനം ഇന്ന് (ഒക്ടോബർ 18) വൈകീട്ട് മൂന്നിന് സ്കൂൾ ഹാളിൽ ഇ ടി ടൈസൺ മാസ്റ്റർ എംഎൽഎ നിർവഹിക്കും. ഇലക്ട്രിക് ബെൽ, സൗണ്ട് സിസ്റ്റം സമർപ്പണം എന്നിവ എറിയാട് ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് പ്രസാദിനി മോഹനനും നിർവ്വഹിക്കും. ജില്ലാ പഞ്ചായത്തംഗം നൗഷാദ് കൈതവളപ്പിൽ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി എം അബ്ദുള്ള, സ്കൂൾ ഹെഡ്മാസ്റ്റർ പി എ നൗഷാദ്, പിടിഎ പ്രസിഡന്റ് പി എ മുഹമ്മദ് റാഫി എന്നിവർ പങ്കെടുക്കും.

# വള്ളത്തോൾ നഗറിൽ കുടുംബശ്രീ പരിശീലന കേന്ദ്രവും ഷീലോഡ്ജും യാഥാർഥ്യമാകുന്നു

തൃശൂർ ജില്ലാ പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തൃശൂർ വള്ളത്തോൾ നഗറിൽ കുടുംബശ്രീ പരിശീലന കേന്ദ്രവും ഷീലോഡ്ജും നിർമ്മിക്കുന്നു. നിർമ്മാണോദ്ഘാടനം നാളെ (ഒക്ടോബർ 19) രാവിലെ 9.30ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ നിർവഹിക്കും. കുടുംബശ്രീ ത്രിതല ഭാരവാഹികൾക്കും ഉദ്യോഗസ്ഥർക്കും താമസിച്ച് പരിശീലനപരിപാടികൾ സംഘടിപ്പിക്കുന്നതിന് സ്വന്തമായി പരിശീലനകേന്ദ്രം യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കുടുംബശ്രീ പരിശീലനകേന്ദ്രം നിർമ്മിക്കുന്നത്. സ്ത്രീകൾക്ക് സുരക്ഷിതമായ താമസ സൗകര്യം നൽകുക എന്നതാണ് ഷീ ലോഡ്ജിന്റെ ലക്ഷ്യം. വള്ളത്തോൾനഗർ പഞ്ചായത്തിന്റെ സ്ഥലത്ത് 17372 ചതുരശ്ര അടി വിസ്തീർണത്തിലാണ് കുടുംബശ്രീ പരിശീലനകേന്ദ്രം കം ഷീ ലോഡ്ജ് വരുന്നത്. 5,34,10,000 രൂപയാണ് അടങ്കൽ തുക. അക്രഡിറ്റ് ഏജൻസിയായ ജില്ലാ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്കാണ് നിർമ്മാണ ചുമതല.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ യു.ആർ. പ്രദീപ് എംഎൽഎ മുഖ്യാതിഥിയാകും. കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓഡിനേറ്റർ കെ.വി. ജ്യോതിഷ് കുമാർ പദ്ധതി വിശദീകരണം നടത്തും.

# സബ്സിഡിയോടെ കാർഷികയന്ത്രങ്ങൾ

കേന്ദ്രസംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന കാർഷികയന്ത്രവൽക്കരണ ഉപപദ്ധതിയിലൂടെ കാടുവെട്ടു യന്ത്രം മുതൽ കൊയ്ത്തു മെതിയന്ത്രം വരെയുള്ള കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും 40 മുതൽ 80 ശതമാനം വരെ സബ്സിഡിയോടെ സ്വന്തമാക്കുന്നതിന് കർഷകർക്കും, കർഷകത്തൊഴിലാളികൾക്കും കർഷകഗ്രൂപ്പുകൾക്കും അവസരം.

രജിസ്ട്രേഷൻ, യന്ത്രങ്ങൾക്കുവേണ്ടി അപേക്ഷിക്കൽ, ഡീലർമാരെ തെരഞ്ഞെടുക്കൽ, അപേക്ഷയുടെ തൽസ്ഥിതി അറിയൽ, സബ്സിഡി ലഭിക്കൽ എന്നിങ്ങനെ പദ്ധതിയുടെ എല്ലാ ഘട്ടങ്ങളും ഓൺലൈനാണ്. ഗുണഭോക്താക്കൾ ഇക്കാര്യങ്ങൾക്കായി സർക്കാർ ഓഫീസുകൾ കയറിയിറങ്ങേണ്ട ആവശ്യമേയില്ല. പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന നിർമ്മാതാക്കളുടെയും വിതരണക്കാരുടെയും ഇടയിൽ നിന്ന് താൽപര്യമുള്ള യന്ത്രം വിലപേശി സ്വന്തമാക്കുവാനും ഗുണഭോക്താക്കൾക്ക് അവസരം ഉണ്ട്. ഇനിയും രജിസ്റ്റർ ചെയ്തിട്ടില്ലാത്ത നിർമ്മാതാക്കൾക്കും വിതരണക്കാർക്കും പദ്ധതിയുടെ ഭാഗമാക്കുന്നതിന് ഇപ്പോൾ അപേക്ഷിക്കാം.

പദ്ധതിയുടെ വിശദാംശങ്ങൾ അറിയുന്നതിനും രജിസ്റ്റർ ചെയ്ത അപേക്ഷ സമർപ്പിക്കുന്നതിനും agrimachinery.nic.in എന്ന വെബ് സൈറ്റ് സന്ദർശിക്കാം. ആദ്യം അപേക്ഷിക്കുന്നവർക്ക് ആദ്യം എന്ന രീതിയിൽ ആണ് ആനുകൂല്യങ്ങൾ ലഭ്യമാക്കുക. പദ്ധതിയുമായി ബന്ധപ്പെട്ട സംശയ നിവാരണങ്ങൾക്കും സഹായങ്ങൾക്കും തൃശൂർ ചെമ്പൂക്കാവിലുള്ള കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിലോ ജില്ലയിലെ കൃഷി ഭവനുകളിലോ ബന്ധപ്പെടണം. ഫോൺ: 0487 -2325208.

# കെയർടേക്കർ ഒഴിവ്

പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ മൂലംകോട് വിജ്ഞാന വാടിയിലേക്കും പുത്തൂർ ഗ്രാമപഞ്ചായത്തിലെ കോക്കാത്ത് വിജ്ഞാന വാടിയിലേക്കും കെയർ ടേക്കർ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. പത്താം ക്ലാസ്സും കമ്പ്യൂട്ടർ, ഇന്റർനെറ്റ് പരിജ്ഞാനവുമുള്ള പട്ടികജാതിയിൽപെട്ടവർക്ക് അപേക്ഷിക്കാം. താൽപര്യമുള്ളവർ വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയോടൊപ്പം ബയോഡാറ്റ, ജാതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ കോപ്പി എന്നിവ സഹിതം ഒല്ലൂക്കര ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ ഒക്ടോബർ 25 നകം നൽകണം. ഫോൺ: 8547630105, 9495039729.

## വൃദ്ധർക്ക് കട്ടിലുകൾ വിതരണം ചെയ്തു

നാട്ടിക ഗ്രാമപഞ്ചായത്ത് ഈ സാമ്പത്തിക വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിൽപ്പെട്ട വൃദ്ധർക്ക് കട്ടിലുകൾ വിതരണം ചെയ്തു. 380000 രൂപ അടങ്കൽ തുക പ്രകാരം 80 പേർക്കാണ് കട്ടിലുകൾ വിതരണം ചെയ്തത്. നാട്ടിക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി വിനു വിതരണ ഉദ്ഘാടനം നിർവഹിച്ചു. വൈസ് പ്രസിഡന്റ് കെ എ ഷൗക്കത്തലി അധ്യക്ഷത വഹിച്ചു. വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ബിന്ദു പ്രദീപ്, പി എം സിദ്ദിഖ്, സി ജി അജിത് കുമാർ, കെ വി സുകുമാരൻ, എൻ കെ ഉദയകുമാർ, ലളിത മോഹൻദാസ്, പ്രവിത അനൂപ്, സെക്രട്ടറി സി എ വർഗീസ്, ഐസിഡിഎസ് സൂപ്പർവൈസർ കെ പി ഷീനത്ത്, തുടങ്ങിയവർ സംസാരിച്ചു.

## ശിശുദിനം:
## ആലോചനയോഗം 23 ന്

ശിശുദിനം സമുചിതമായി നടത്തുന്നതുമായി ബന്ധപ്പെട്ട ആലോചന യോഗം ഒക്ടോബർ 23 ഉച്ച രണ്ടിന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.